LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ സഹകരണ ബാങ്കുകളുടെ നിക്ഷേപങ്ങൾ

86 (4077) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജില്ലാ സഹകരണ ബാങ്കുകളുടെ നിക്ഷേപങ്ങൾ ആർ.ബി.ഐ.-യുടെ കടപ്പത്രങ്ങളിൽ നിക്ഷേപിക്കണമെന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; ഈയിനത്തിൽ എന്ത് തുക ആർ.ബി.ഐ. കടപ്പത്രത്തിൽ നിക്ഷേപിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

റിസർവ് ബാങ്ക് കടപത്രങ്ങളിൽ തുക നിക്ഷേപിച്ചിട്ടില്ല. റിസർവ് ബാങ്കിന്റെ സർക്കുലർ പ്രകാരം 31 മാർച്ച് 2015-ന മുമ്പ് 5 ശതമാനവും 2016 മാർച്ച് 31-ന മുമ്പ് 10 ശതമാനവും ബാക്കിയുള്ള തുക 2017 മാർച്ച് 31-ന മുമ്പും ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം റിസർവ് ബാങ്ക് അംഗീകൃത ഗവൺമെന്റ് സെക്യൂരിറ്റികളിൽ 3024.12 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്.

തസ്തിക മാറ്റം വഴി ജില്ലാ സഹകരണ ബാങ്കുകളിൽ നിയമനം ലഭിച്ചവരുടെ മുൻകാല സർവ്വീസും, ശമ്പളവും സംരക്ഷിച്ചു കിട്ടണമെന്ന ആവശ്യം

87 (4078) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി സഹകരണ സംഘങ്ങളിൽ ജോലി ചെയ്ത് തസ്തിക മാറ്റം വഴി ജില്ലാ സഹകരണ ബാങ്കുകളിൽ നിയമനം ലഭിക്കുമ്പോൾ മുൻസേവന കാലം, ശമ്പളം/ഗ്രേഡ് എന്നിവ പരിഗണിക്കുമോ ;

(ബി) മുമ്പ് ജോലി ചെയ്തിരുന്ന സംഘത്തിലെ സർവ്വീസും ശമ്പളവും സംരക്ഷിച്ചു കിട്ടുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത നിയമനം ലഭിച്ച ജീവനക്കാർക്ക് ഫുൾ പെൻഷൻ കിട്ടുന്നതിന് മുൻകാല സർവ്വീസും കൂടി പരിഗണിക്കുമോ;

(ഡി) ഇതുസംബന്ധിച്ച് മുഖ്യമന്ത്രിയുടെ ഓഫീസിൽ സമർപ്പിച്ച 28387/14/ സി. എം.നമ്പർ ഹർജിയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്ത പ്രസ്തുത ആവശ്യം അംഗീകരിച്ചു നൽകുമോ ?

ഉത്തരം

(എ) പ്രൈമറി സഹകരണ സംഘങ്ങളിൽ ജോലി ചെയ്ത് തസ്തികമാറ്റം വഴി ജില്ലാ സഹകരണ ബാങ്കിൽ നിയമനം ലഭിക്കുമ്പോൾ അവരുടെ മുൻകാല സേവനകാലം, ശമ്പളം/ഗ്രേഡ് എന്നിവ ജില്ലാ സഹകരണ ബാങ്കിൽ പരിഗണിക്കുകയില്ല.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) പെൻഷൻ ആനുകൂല്യങ്ങൾക്ക് നിലവിൽ പരിഗണിക്കപ്പെടുന്നുണ്ട്.

(ഡി & ഇ) ഹർജി പരിശോധിക്കാനായി സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്.

സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് വായ്പ

88 (4079) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വായ്പ നൽകുന്നതിനായി സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) നടപ്പുസാമ്പത്തികവർഷം കർഷകർക്ക്എത്ര കോടി രൂപ വായ്പ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം മേഖലകളിലാണ് വായ്പകൾ നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) കർഷകർക്കുള്ള വായ്പാ പദ്ധതി നടപ്പാക്കുന്നതിനായി ബാങ്കിന് എന്തെല്ലാം അധികാരങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സമഗ്ര കാർഷിക ഗ്രാമീണ പുരോഗതി ലക്ഷ്യമാക്കികൊണ്ട് സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, വിവിധ ഹ്രസ്വകാല, ദീർഘകാല വായ്പ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇവ താഴെപ്പറയുന്നു :

കാർഷിക വായ്പ പദ്ധതികൾ

1. സാധാരണ വായ്പ
2. പദ്ധതി വായ്പ
3. ഹ്രസ്വകാല കാർഷിക വായ്പ
4. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് വായ്പ.

LIBRARY ARCHIVES Kerala Legislative Assembly